LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) സംഭവം നടന്ന് 9 മാസം കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷണം നടത്തുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ അബ്ദുൾഹക്കീമിന്റെ കൊലപാതകം സംബന്ധിച്ച കേസ് നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ ഐ.എസ്.ഐ.റ്റി. അന്വേഷണം നടത്തിവരുന്നു. ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 98/CR/HHWIII/KKD/2014). പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതുകൊണ്ട് അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. കേസ് അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട രതീഷിന്റെ കേസ്

262 (264) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരൂഹസാഹചര്യത്തിലുള്ള രതീഷിന്റെ മരണം സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം 102/2013 നമ്പർ കേസിൽ പുനരന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അത് സംബന്ധിച്ച ഉത്തരവ് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചതെന്നും പുനരന്വേഷണച്ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽനിന്നും അനുവാദം നേടിയിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 30-11-2013-ൽ ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ 2-11-2013 തീയതിയിലെ തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 102/2013 എന്ന കേസിന്റെ തുടരന്വേഷണം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽനിന്നും അനുവാദം തേടിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിവരുന്നതിനാൽ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ

263 (265) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ പ്രാഥമിക അന്വേഷണം എത്ര ദിവസത്തിനകം പൂർത്തിയാക്കണമെന്നാണ് സുപ്രീം കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധമായി ഹൈക്കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്താണെന്നറിയാമോ ;

(ബി) നിലവിലുള്ള മന്ത്രിമാർക്കെതിരെ അഴിമതി ആരോപിച്ച കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പരാതികൾ എത്രയാണ് ; വെളിപ്പെടുത്തലുകൾ ഏത്രയാണ് ; ഇവയുടെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മന്ത്രിമാർക്കെതിരെ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്തണമെന്നും എന്നാൽ ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യത്തിൽ വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി പരമാവധി 6 ആഴ്ചയ്ക്കുള്ളിൽ അന്വേഷണം തീർപ്പാക്കണമെന്നുമാണ് Lalita Kmari & others Vs State of UP and others എന്ന കേസിലെ സുപ്രീംകോടതിയുടെ ഇടർവിധിന്യായത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള മന്തിമാർക്കെതിരെ 34 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 27 പരാതികളിൽ അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലാത്തവ എന്ന് കണ്ട് തീർപ്പാക്കി. 4 പരാതികളിൽ

LIBRARY ARCHIVES Kerala Legislative Assembly